പ്രസിദ്ധീകരണത്തിന്

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ 51-ാമത് ചരമവാർഷികം 2021 ഫെബ്രുവരി 25 വ്യാഴാഴ്ച ഭക്തിനിർഭരമായ ചടങ്ങുകളോടെ സംസ്ഥാനവ്യാപകമായി ആചരിക്കുന്നതാണ്.

ഏവർക്കും മാർഗ്ഗദർശിയായി അനുഗ്രഹം ചൊരിയുന്ന ആ പുണ്യാത്മാവിന്റെ ആത്മീയചൈതന്യം നിറഞ്ഞുനില്ക്കുന്ന അന്ത്യവിശ്രമ സങ്കേതമായ മന്നംസമാധി മണ്ഡപത്തിൽ അന്നേദിവസം ഭക്തിഗാനാലാപനവും, പുഷ്പാർച്ചനയും, ഉപവാസവും, സമൂഹപ്രാർത്ഥനയും പതിവുപോലെ നടക്കുന്നതാണ്. രാവിലെ 6 മണി മുതൽ സമുദായാചാര്യൻ ഇഹലോകവാസം വെടിഞ്ഞ 11.45 A.M. വരെ നടക്കുന്ന പ്രസ്തുത ചടങ്ങിൽ എല്ലാ സമുദാ യാംഗങ്ങൾക്കും മറ്റ് അഭ്യുദയകാംക്ഷികൾക്കും കോവിഡ്-19 നിബന്ധനകൾ പാലിച്ചുകൊണ്ട് പങ്കെടുക്കാവുന്നതാണ്.

മന്നംസമാധിമണ്ഡപത്തിൽ നടക്കുന്ന ഭക്തിനിർഭരമായ ഈ ചടങ്ങിൽ പങ്കെടുക്കുവാൻ കഴിയാതെവരുന്ന സമുദായാംഗങ്ങൾ എല്ലാ കരയോഗങ്ങളുടെയും, താലൂക്ക് യൂണിയനുകളുടെയും ആഭിമുഖ്യത്തിൽ പതിവുപോലെ രാവിലെ 6 മണി മുതൽ 11.45 വരെ ആ പുണ്യാത്മാവിന്റെ ചിത്രത്തിനുമുന്നിൽ നിലവിളക്കുകൊളുത്തി പുഷ്പാർച്ചന നടത്തി പ്രാർത്ഥനാനിരതരായി ഉപവസിക്കുന്നതാണ്.

നായർ സർവീസ് സൊസൈറ്റിക്ക് രൂപം നൽകിയ വേളയിൽ സമുദായാചാര്യനും സഹപ്രവർത്തകരും ചേർന്നെടുത്ത പ്രതിജ്ഞ ആചാര്യസ്മരണയോടെ ചൊല്ലിയും ഏറ്റുചൊല്ലിയും ആയിരിക്കും ഉപവാസം അവസാനിപ്പിക്കുന്നത്. കോവിഡ്-19 നിബന്ധനകൾ പാലിച്ചുകൊണ്ടുവേണം ഈ ചടങ്ങുകൾ നിർവഹിക്കുവാൻ എന്ന നിർദ്ദേശം നേരത്തെതന്നെ നല്കിയി ട്ടുണ്ട്

പെരുന്ന
23.2.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി